കോൾക്കുകയുംചെയ്യുന്നു. ക്രമേണ തങ്ങൾക്കും അന്യർക്കും കഠിനമായ ദ്രോഹം വരുത്തിവയ്ക്കുന്നു.

ബ്രസീലിൽനിന്ന് കൊക്കെയിൻ അമേരിക്കയിലേക്കു കടത്തുന്നതിനെതിരായി പല നടപടികളും അമേരിക്കൻ ഗവൺമെൻറ് കൈക്കൊണ്ടിട്ടുണ്ട്. ഇന്ത്യയെ സംബന്ധിച്ചിടത്തോളം, ഹെറോയിൻപോലെ ഒരു ഭീഷണിയല്ല കൊക്കെയിൻ.

പരിമിതമായ അളവിൽ ഉപയോഗിക്കുന്ന കഞ്ചാവ് ആരോഗ്യത്തിനു ഹാനികരമല്ലെന്ന് 1971–ൽ അമേരിക്കയിലെ നാഷണൽ ഇൻസ്റ്റിററ്യൂട്ട് ഓഫ് ഹെൽത്ത് പ്രസ്താവിക്കുകയുണ്ടായി. എങ്കിലും, കൂടുതൽ പഠനങ്ങൾക്കുശേഷമേ ഇക്കാര്യത്തിൽ ഒരു വിധി കല്പിക്കാൻ കഴിയൂ എന്നും അവർ പറഞ്ഞു. കഞ്ചാവ് കൃഷിചെയ്യുന്നതും കൈവശം വയ്ക്കുന്നതും ഉപയോഗിക്കുന്നതും, വില്ക്കുന്നതും അമേരിക്കയിൽ നിയമംമൂലം നിരോധിച്ചിട്ടുണ്ട്.

ഔഷധമായും ലഹരിക്കുവേണ്ടിയും ഇന്ത്യാക്കാരും ചീനക്കാരും പണ്ടുമുതൽ കഞ്ചാവ് പല രൂപത്തിൽ ഉപയോഗിച്ചുവന്നു. 1960–കളിലാണ് അമേരിക്കയിൽ യുവാക്കൾക്കിടയിൽ കഞ്ചാവിന്റെ ഉപയോഗം പടർന്നുപിടിച്ചത്. ഇന്ത്യയിലെ യുവാക്കൾക്കിടയിൽ കഞ്ചാവിന്റെ ഉപയോഗം വ്യാപകമാകുന്നതിനു കാരണമായത് അമേരിക്കൻ ഹിപ്പികളുടെ പ്രവാഹമായിരുന്നു.

ഇപ്പോൾ കേരളത്തിലെ ഇടുക്കിജില്ല ലോകകഞ്ചാവുല്പാദനത്തിന്റെ കേന്ദ്രമായിരിക്കുകയാണ് എന്ന് പറയപ്പെടുന്നു. കേരള ഗവൺമെൻറിന്റെ ഉദാരമായ ഗജനിമീലികാനയത്തിനുകീഴിൽ, വ്യാപകങ്ങളായ കള്ളക്കഞ്ചാവുതോട്ടങ്ങൾ ഈ ജില്ലയിൽ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ടെന്ന് മലയാളപത്രങ്ങൾ പ്രസ്താവിക്കുന്നു. കഞ്ചാവിൽനിന്ന് ഒരുതരം തൈലം സംസ്കരിച്ചെടുക്കുന്നതിനുള്ള അത്യാധുനിക ഫാക്ടറികൾ അവിടെ നിലവിലുള്ളതായും പറയപ്പെടുന്നു. ഈ തൈലം ഒരു തുള്ളി സിഗരററിൽ ഇററിച്ച് വലിക്കുകയോ, സൂചിമുനകൊണ്ടു തൊലിക്കകത്തേക്കു കടത്തിവിടുകയോചെയ്യാം. കൊച്ചി തുറമുഖത്തുനിന്ന് വലിയതോതിൽ കഞ്ചാവ് കളവായി വിദേശങ്ങളിലേക്കു കടത്തുന്നതിനുള്ള ശ്രമങ്ങൾ ഈയിടെ കണ്ടുപിടിക്കപ്പെടുകയുണ്ടായി. എന്നിട്ടും കേരള സർക്കാരോ കേന്ദ്രഗവൺമെൻറാ കേരളത്തിലെ കഞ്ചാവുകൃഷിയെപ്പററി അറിഞ്ഞ ലക്ഷണമൊന്നുമില്ല. ജനങ്ങൾ ഉണരുകയും, ഈ ആപത്തിനെതിരെ സംഘടിച്ചു പൊരുതുകയുംചെയ്യുന്നില്ലെങ്കിൽ കേരളം അധികം താമസിയാതെ ഒരു അന്താരാഷ്ട്രീയ കുററകേന്ദ്രമായി മാറിക്കൂടായ്കയില്ല.

27 മാർച്ച്, 1985

# 100. ആത്മഹത്യ

'അയൽവാസികളും സുഹൃത്തുക്കളുമായ രണ്ടു ചെറുപ്പക്കാർ ശനിയാഴ്ച രാത്രി പാസ്സഞ്ചർ വണ്ടിക്കു തലവെച്ച് ആത്മഹത്യചെയ്തു. മരിച്ച പ്രകാശനും മണിയനും ഇരുപത്തൊന്നു വയസ്സേ ആയിട്ടുള്ളൂ. തൊഴിൽ കിട്ടാത്ത നിരാശയാണ് മരണകാരണമെന്നു കരുതുന്നു.'

'അറുപത്തെട്ടു വയസ്സായ ഭാസ്കരൻപിള്ള ദേഹത്തു മണ്ണെണ്ണയൊഴിച്ച്

തീകൊളുത്തി ആത്മഹത്യചെയ്തു. ഇദ്ദേഹം ഒരു മനോരോഗിയാണെന്നു പറയുന്നു.'

'രാധാകൃഷ്ണപിള്ള (38 വയസ്സ്) തീവണ്ടിമുട്ടി മരിച്ചു. ഇതു് ഒരു ആത്മഹത്യയാണെന്നു പോലീസ് കേന്ദ്രങ്ങൾ പറഞ്ഞു.'

'ലക്ഷ്മി (63) വീട്ടിനുള്ളിൽ തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. പോലീസ് ഇൻക്വസ്റ്റ് തയ്യാറാക്കിയശേഷം മൃതദേഹം പോസ്റ്റ്മോർട്ടത്തിനയച്ചു.'

'ചിന്നക്കടയിലുള്ള ഒരു ഹോട്ടൽമുറിയിൽ ലിയൊണോവ് എന്ന യുവാവു് (23 വയസ്സ്) തൂങ്ങിമരിച്ച നിലയിൽ കാണപ്പെട്ടു. പോലീസ് പോസ്റ്റ്മോർട്ടത്തിനുശേഷം മൃതദേഹം ബന്ധുക്കൾക്കു വിട്ടുകൊടുത്തു.'

ദിവസവും രാവിലെ പത്രം നിവർത്തിനോക്കിയാൽ, ഒരു പ്രത്യേക സ്ഥലത്തു് ഇത്തരം കുറേ വാർത്തകൾ കാണാം. ഇപ്പോൾ കേരളത്തിൽ പത്രങ്ങൾ ഓരോ ജില്ലയിലേക്കും വെവ്വേറെ പതിപ്പുകളാണല്ലോ ഇറക്കുന്നതു്. അതതു ജില്ലയിലെ ആത്മഹത്യകൾ മാത്രമേ അതതു പതിപ്പുകളിൽ കാണുകയുള്ളു.

കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ ദിവസവും നടക്കുന്ന ആത്മഹത്യകൾ സംബന്ധിച്ച വാർത്തകൾ, ചിത്രങ്ങൾ, പശ്ചാത്തല വിവരണങ്ങൾ മുതലായവമാത്രം ഉൾപ്പെടുത്തി 'ആത്മഹത്യ' എന്ന പേരിൽ ഒരു ദിനപ്പത്രം പ്രസിദ്ധീകരിക്കുന്നപക്ഷം, അതൊരു സാമ്പത്തികവിജയമാകാൻ സാദ്ധ്യതയുണ്ടു്. ആത്മഹത്യയ്ക്കു് ഉപകരിക്കുന്ന കയർ, വിഷവസ്തുക്കൾ, വൈദ്യുതോപകരണങ്ങൾ, എളുപ്പത്തിൽ തീകത്തിപ്പിടിക്കുന്ന സാധനങ്ങൾ മുതലായവയുടെ പരസ്യങ്ങൾ ഇതിൽ ചേർക്കാം. പൈങ്കിളിക്കഥകൾ വായിച്ചിട്ടാണു് കേരളത്തിൽ യുവതികൾ ആത്മഹത്യചെയ്യുന്നതു് എന്നൊരു പുരോഗമനസാഹിത്യസിദ്ധാന്തം ഈയിടെ നിലവിൽവന്നിട്ടുണ്ടല്ലോ. അതിനാൽ 'ആത്മഹത്യ' എന്ന ദിനപ്പത്രത്തിന്റെ ഞായറാഴ്ചപ്പതിപ്പിൽ പൈങ്കിളിക്കഥകൾ, പൈങ്കിളിനോവലുകൾ, പൈങ്കിളിസിനിമകൾ മുതലായവ വിസ്തരിച്ചു നിരൂപണം ചെയ്യുന്നതു് ഉചിതമായിരിക്കും. ആത്മഹത്യയ്ക്കു സൗകര്യമുള്ള ഹോട്ടലുകൾ, തീവണ്ടിപ്പാത മുടക്കുകൾ, ഒഴിഞ്ഞ സ്ഥലങ്ങൾ മുതലായവയുടെ വിവരണങ്ങൾ പ്രസിദ്ധീകരിക്കുന്നപക്ഷം ടൂറിസ്റ്റ്‌വകുപ്പിന്റെ പരസ്യങ്ങൾ കിട്ടാൻ സാദ്ധ്യതയുണ്ടു്. ആത്മഹത്യാവാർത്തകൾക്കു മാത്രമായി ഒരു ദിനപ്പത്രം പ്രസിദ്ധീകരിക്കുന്നപക്ഷം, അപൂർണ്ണമായും അപര്യാപ്തമായും അഞ്ചോ ആറോ പ്രാദേശിക-ആത്മഹത്യാവാർത്തകൾമാത്രം പ്രസിദ്ധീകരിക്കുന്ന ഇന്നത്തെ പതിവു് സാധാരണ ദിനപ്പത്രങ്ങൾക്കു് ഉപേക്ഷിക്കാം; ആ സ്ഥലത്തുകൂടി എന്തെങ്കിലും പരസ്യം ചേർത്തു് വരുമാനം വർദ്ധിപ്പിക്കുകയുമാവാം. പത്രപ്രവർത്തനത്തിൽ പുതിയ മാറ്റങ്ങൾ അന്വേഷിച്ചുകൊണ്ടിരിക്കുന്ന 'സംരംഭക'രുടെ ശ്രദ്ധ ഈ നിർദേശത്തിൽ പതിയുമെന്നു് ആശിക്കുന്നു.

കളിയാക്കിപ്പറയുകയല്ല, കളിയാക്കാവുന്ന വിഷയമാണോ, ആത്മഹത്യ? ഇരിക്കണോ, മരിക്കണോ? ടു ബി ഓർ നോട്ട് ടു ബി? അതല്ലേ പണ്ടത്തെ ഡെൻമാർക്കിലെ രാജകുമാരന്റെയെന്നപോലെ ഇന്നത്തെ മനുഷ്യന്റെയും മുന്നിലുള്ള മുഖ്യപ്രശ്നം? ഈ പ്രശ്നത്തിനു്, 'ഇരിക്കേണ്ട, മരിച്ചാൽ മതി' എന്ന ഉത്തരം സഫലമായ പ്രവൃത്തിയിലൂടെ അസന്ദിഗ്ദ്ധമായി ആണ്ടുതോറും നാല്പത്തയ്യായിരത്തിലേറെ ഇന്ത്യക്കാർ പ്രഖ്യാപിച്ചുവരുന്നുണ്ടത്രേ. 'പോലീസ് ഗവേഷണ വികസന ബ്യൂറോ' (ബ്യൂറോ ഓഫ് പോലീസ് റിസർച്ച് ആൻഡ് ഡവലപ്പ്മെൻറ്— ബി. പി. ആർ. ഡി.) എന്ന സ്ഥാപനം നൽകുന്ന വിവരമാണിതു്. പല ആത്മഹത്യകളും പോലീസിന്റെ ദൃഷ്ടിയിൽപ്പെടാത്തതിനാൽ

നാല്പത്തയ്യായിരമെന്നു് കൃത്യമായ കണക്കില്ലെന്നും ആ സ്ഥാപനം തന്നെ പറയുന്നു. ഏതായാലും നാല്പത്തയ്യായിരത്തിലേറെ ആത്മഹത്യകൾ ആണ്ടുതോറും ഇന്ത്യയിലെ പോലീസ് രേഖകളിൽ സ്ഥലംപിടിക്കുന്നുണ്ടെന്ന വസ്തുത അവശേഷിക്കുന്നു.

പുരുഷന്മാരേക്കാൾ കൂടുതൽ സ്ത്രീകളാണു് ആത്മഹത്യചെയ്യുന്നതെന്നു് ഒരു പൊതുവിശ്വാസമുണ്ടു്. ഇതൊരു തെറ്റിദ്ധാരണയാണെന്നു് പോലീസ്കണക്കുകൾ കാണിക്കുന്നു. ആയിരം ആത്മഹത്യകൾ നടക്കുമ്പോൾ, മരിക്കുന്ന പുരുഷന്മാരുടെ എണ്ണം അഞ്ഞൂറ്റെൺപത്തൊന്നും, സ്ത്രീകളുടെ എണ്ണം നാനൂറ്റിപ്പത്തൊമ്പതുമാണത്രേ. ആത്മഹത്യയുടെ രംഗത്തിലും പുരുഷനോടു സമത്വം നേടാൻ ഇന്ത്യൻസ്ത്രീകൾ കുറെയധികം പ്രയത്നിക്കേണ്ടിയിരിക്കുന്നു.

ആത്മഹത്യയുടെ പ്രധാന കാരണം പൈങ്കിളിക്കഥകളാണെന്ന സാഹിത്യവിമർശനസിദ്ധാന്തം കേരളത്തിൽ മാത്രമേ പ്രചരിപ്പിക്കപ്പെട്ടുവരുന്നുള്ളു. പൊതുവേ ഇന്ത്യയിൽ കരുതപ്പെട്ടുവരുന്നതു്, ദാരിദ്ര്യം നിമിത്തമാണു് കൂടുതൽ ആത്മഹത്യകളും സംഭവിക്കുന്നതെന്നാണു്. പോലീസ് കണക്കുകൾ ഈ വിശ്വാസത്തെയും നിരസിക്കുന്നു, മാരകരോഗങ്ങളാണത്രേ ആത്മഹത്യയുടെ മുഖ്യകാരണം. തങ്ങളുടെ രോഗം മാറുകയില്ലെന്ന നിരാശതമൂലമാണു് ആയിരത്തിൽ നൂറ്റിമുപ്പതു് ആത്മഹത്യകളും നടക്കുന്നതു്. ദാരിദ്ര്യം നിമിത്തം നടക്കുന്നതു് ആയിരത്തിൽ ഇരുപത്തെട്ടു് ആത്മഹത്യകൾ മാത്രമാണു്. ആത്മഹത്യാകാരണങ്ങളിൽ ഏഴാം സ്ഥാനം മാത്രമേ ദാരിദ്ര്യത്തിനു് അവകാശപ്പെട്ടതായുള്ളു. ആത്മഹത്യയ്ക്കുള്ള കാരണങ്ങളിൽ പ്രാധാന്യംകൊണ്ടു രണ്ടാമത്തേതു് ദാമ്പത്യത്തിലെ പൊരുത്തക്കേടുകളാണു്. അതു് വിവാഹിതരുടെ കാര്യം. വിവാഹംനടക്കാത്തതിൽ നിരാശരായ കാമുകരാണു് ആത്മഹത്യ ചെയ്യുന്ന ആയിരം ആളുകളിൽ അമ്പത്തിനാലുപേർ. ബോംബെയിലെ കെ. ഇ. എം. ആസ്പത്രിയിലെ മനോരോഗവിദഗ്ധൻ നൽകുന്നവയാണു് ഈ കണക്കുകൾ. ആത്മഹത്യചെയ്യാൻ കൂടുതൽ സാദ്ധ്യതയുള്ള ഒരു വിഭാഗമാണു് മെഡിക്കൽ വിദ്യാർത്ഥികളെന്നും ഈ വിദഗ്ധൻ പറയുന്നു. ഗുളിക തിന്നോ, ഇൻജെക്ഷൻ നടത്തിയോ 'അനായാസേന മരണം' നേടാൻ മെഡിക്കൽ വിദ്യാർത്ഥികൾക്കു് മറ്റേതു വിഭാഗം ജനങ്ങളെയുംകാൾ കൂടുതൽ സൗകര്യമുണ്ടല്ലോ. പരീക്ഷയിലെ തുടർച്ചയായ പരാജയമാണത്രേ മെഡിക്കൽവിദ്യാർത്ഥികളെ ആത്മഹത്യയുടെ മാർഗം തിരഞ്ഞെടുക്കാൻ പ്രേരിപ്പിക്കുന്നതു്.

ആത്മഹത്യയ്ക്കുള്ള സുനിശ്ചിതവും ശീഘ്രവുമായ മാർഗം കെട്ടിത്തൂങ്ങുകതന്നെയാണു്. എങ്കിലും ആയിരത്തിൽ ഇരുനൂറ്റമ്പത്തെട്ടു് ആത്മഹത്യകളും നടക്കുന്നതു് വിഷഭക്ഷണത്തിലൂടെയാകുന്നു. ആയിരം ആത്മഘാതകരിൽ ഇരുനൂറ്റിമുപ്പത്തൊന്നുപേർ കെട്ടിത്തൂങ്ങുന്നു; നൂറ്റെഴുപത്തിമൂന്നുപേർ വെള്ളത്തിൽ മുങ്ങുന്നു. എഴുപത്തിനാലുപേർ ദേഹത്തിൽ തീയെരിയിക്കുന്നു.

ആത്മഹത്യയെപ്പറ്റി പഠനം നടത്തുന്ന ഒരു സ്ഥാപനമാണു് മാനസികാരോഗ്യ—ഞരമ്പുശാസ്ത്രങ്ങൾക്കായുള്ള ദേശീയ സ്ഥാപനം (നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെൻറൽ ഹെൽത്ത് ആൻഡ് ന്യൂറോ—സയൻസ്—നിംഹാൻസ്). ഇന്ത്യയുടെ രാഷ്ട്രീയ തലസ്ഥാനം ദൽഹിയാണെങ്കിലും, ആത്മഹത്യാതലസ്ഥാനം ബാംഗ്ളൂരാണെന്നു് ഈ സ്ഥാപനത്തിന്റെ ഒരു റിപ്പോർട്ടിൽ കാണുന്നു. ബാംഗ്ളൂരിൽ ആണ്ടുതോറും ആയിരത്തിലേറെ ആത്മഹത്യകൾ റിപ്പോർട്ടുചെയ്യപ്പെടുന്നുണ്ടത്രേ. അതേസമയം മദ്രാസിൽ നാനൂറ്റമ്പതും ദൽഹിയിൽ നാനൂറോളവും ആത്മഹത്യകളാണു് പ്രതിവർഷം പോലീസുകാർ രേഖപ്പെടുത്തുന്നതു്.

സ്ഥിരമോ താല്ക്കാലികമോ ആയ ബുദ്ധിഭ്രമമാണ് ആത്മഹത്യയ്ക്കു പ്രേരിപ്പിക്കുന്നതെന്നാണല്ലോ നമ്മുടെ ഒരു വിശ്വാസം. (മറിച്ചു വിശ്വസിക്കുന്നവരും ഇല്ലായ്കയില്ല. ജീവിതത്തെപ്പററി ശരിയായ ബോധമുള്ളവർ ജീവിതം തുടർന്നുപോകാൻ ആഗ്രഹിക്കുകയില്ലെന്നും, ഏറിയോ കുറഞ്ഞോ ബുദ്ധിഭ്രമം ബാധിച്ചവർക്കു മാത്രമാണ് ജീവിതതൃഷ്ണയെന്നുമുള്ള വീക്ഷണത്തിലും യുക്തി തുല്യംതന്നെ ) ഇന്ത്യയിലെ ഗ്രാമങ്ങളിൽ അറുപതുലക്ഷം മനോരോഗികളുണ്ടെന്ന് 'നിംഹാൻസ്' പറയുന്നു. രോഗം മാറിയേക്കാമെന്ന ആശ ഇവർക്കാർക്കുമില്ല. ആശുപത്രികൾ കണ്ടിട്ടുള്ളവരോ, ചികിത്സ നേടിയിട്ടുള്ളവരോ, മനോരോഗികളിൽ കുറച്ചുപേർ മാത്രമാണ്; പലരേയും കുടുംബാംഗങ്ങൾ തള്ളിക്കളഞ്ഞമട്ടാണ്. തക്കസമയത്തു സ്വാഭാവികമരണം സംഭവിക്കുന്നില്ലെങ്കിൽ, ആത്മഹത്യയല്ലാതെ വേറെയെന്താണ് ഇവർക്കു മോചനമാർഗം?

'ആത്മഹത്യ' എന്നാൽ എന്താണ്? നിയമപണ്ഡിതന്മാർ, മനോരോഗവിദഗ്ധന്മാർ, സാമൂഹ്യശാസ്ത്രജ്ഞർ, മനശ്ശാസ്ത്രജ്ഞർ എന്നിവർക്കിടയിൽ ആത്മഹത്യയുടെ നിർവ്വചനം സംബന്ധിച്ചു വളരെ വ്യത്യസ്തങ്ങളായ അഭിപ്രായങ്ങളാണു നിലവിലുള്ളത്. മഹാത്മാഗാന്ധിയുടെ കാലത്തിനു ശേഷം, 'ഉപവാസസമരം' എന്ന പ്രതിഭാസം ഇന്ത്യയിൽ സാർവത്രികമായിരിക്കുകയാണല്ലോ. പട്ടിണികിടന്നു മരിക്കുന്നത് ആത്മഹത്യയാണോ? ആണെങ്കിൽ, സെക്രട്ടേറിയററിനു മുമ്പിൽ 'മരണം വരെ ഉപവസിക്കുന്ന' എല്ലാവരേയും അറസ്റ്റുചെയ്ത്, അവരുടെപേരിൽ ആത്മഹത്യാശ്രമത്തിനു കേസ് എടുക്കേണ്ടിവരും. ('മരണം വരെ ഉപവസിക്കുന്ന' മിക്കവരും രാത്രി, ആളില്ലാത്തപ്പോൾ, വയറുനിറയെ ശാപ്പിടാറുണ്ടെന്നതു മറെറാരു കാര്യം. അതു കോടതിയിൽ പറയാവുന്നതാണോ? പറഞ്ഞാൽ, പറഞ്ഞവനു പിന്നെ എന്തൊരു രാഷ്ട്രീയഭാവിയാണുള്ളത്?)

തന്റെ രോഗത്തിനു ചികിത്സയില്ലെന്നു തീർച്ചയായാൽ നിഷ്ഫലമായ മരുന്നു കഴിക്കാനും, ഓക്സിജൻ സിലിണ്ടർപോലെയുള്ള ജീവസന്ധാരണോപകരണങ്ങൾ ഉപയോഗിക്കാനും വിസമ്മതിക്കുന്ന, അന്തസ്സോടെ മരിക്കാൻ ആഗ്രഹിക്കുന്ന, രോഗിയുടെമേൽ ആത്മഹത്യക്കുററം ചുമത്താമോ? വിനോബാജി അവസാനകാലത്തു ചെയ്തത് അതാണല്ലോ. അദ്ദേഹം ആത്മഹത്യചെയ്യുകയായിരുന്നുവോ?

ആത്മഹത്യയ്ക്കു ശ്രമിക്കുന്നവരുടെപേരിൽ കേസ്സെടുത്ത് അവരെ ജയിലിലയയ്ക്കുന്നതിനു നിയമമുള്ള ഏകരാജ്യം ഇന്ത്യയാണത്രേ. ഇന്ത്യൻ ശിക്ഷാനിയമപ്രകാരം, കളവോ, കൊലപാതകമോ, ബലാൽസംഗമോ, മറേറതെങ്കിലും കുററമോ ചെയ്യാൻ ശ്രമിക്കുകയും ആ പരിശ്രമത്തിൽ വിജയിക്കുകയും ചെയ്തവനു ശിക്ഷയുണ്ട്; ആത്മഹത്യയുടെ കാര്യത്തിൽ മാത്രം ശ്രമിച്ചു ജയിച്ചവനല്ല, പരാജയപ്പെട്ടവനാണ് ശിക്ഷ! ഇതൊരു വിരോധാഭാസമായി ആർക്കും തോന്നും.

ദൽഹി ഹൈക്കോടതിയിൽ ചീഫ് ജസ്റ്റീസ് ആയിരുന്ന ശ്രീ രാജേന്ദ്രസിംഹ് സച്ചർ 1985 ഡിസംബർ 13-ാം തീയതി, ആത്മഹത്യയ്ക്കു ശ്രമിച്ച നൂററിപ്പതിമ്മൂന്നുപേരെ ശിക്ഷയിൽനിന്ന് ഒഴിവാക്കിക്കൊണ്ട്, ചരിത്രപ്രസിദ്ധമായ ഒരു വിധി പ്രസ്താവിക്കുകയുണ്ടായി. 'ആത്മഹത്യയ്ക്കുള്ള ശ്രമം നടക്കുമ്പോൾ, കുററം സമൂഹത്തിന്റേതാണ്. സ്വന്തം കുററം ഏററുപറയുകയും, ആത്മഹത്യയ്ക്കു ശ്രമിച്ചയാളെ മനോരോഗവിദഗ്ധന്റെ അടുത്തേക്കയയ്ക്കുകയുംചെയ്യുന്നതിനുപകരം, ഇന്ത്യൻ സമൂഹം ആഹ്ലാദത്തോടെ അയാളെ ജയിലിലടയ്ക്കുകയാണുചെയ്യുന്നത്'' എന്ന് ഈ വിധിന്യായത്തിൽ ജസ്റ്റീസ് സച്ചർ പ്രസ്താവിച്ചിട്ടുണ്ട്. വിഫലമായ ആത്മഹത്യാശ്രമത്തിനു പ്രോസിക്യൂട്ട്ചെയ്യപ്പെടുന്ന ആർക്കും ചരിത്രപ്രസിദ്ധമായ ഈ വിധി ചൂണ്ടിക്കാട്ടി ശിക്ഷയിൽനിന്ന് ഒഴിവാ

കാൻ ശ്രമിക്കാവുന്നതാണ്. പക്ഷേ, ആത്മഹത്യാശ്രമത്തെ ശിക്ഷാർഹമായ ഒരു കുറ്റമാക്കുന്ന ഇന്ത്യൻശിക്ഷാനിയമത്തിലെ 309–ാം വകുപ്പ് അസാധുവാണെന്ന് ജസ്റ്റിസ് സച്ചർപോലും പ്രഖ്യാപിച്ചിട്ടില്ല. ആത്മഹത്യയ്ക്കു മുതിരുന്നവർ ഇക്കാര്യം മറക്കാതിരിക്കുന്നതു കൊള്ളാം.

(ആധാരം: മാർച്ച് 18–ലെ സ്റ്റേറ്റ്സ്മാൻ പത്രം)

11 മെയ്, 1986

## 101. സഞ്ജീവിനി

ദൽഹിയിലെ ' സഞ്ജീവിനി' എന്ന സ്ഥാപനത്തെക്കുറിച്ചു വായിച്ചപ്പോൾ, ആത്മാർത്ഥതയും,അൽപ്പമൊരു പരിശീലനവും ഉള്ളവർക്കു സേവനത്തിനു് എത്രയെത്ര രാജപാതകളാണ് നമ്മുടെ നാട്ടിൽ തുറന്നുകിടക്കുന്നതു് എന്നു് അത്ഭുതത്തോടെ ഓർത്തുപോയി.

'പ്രതിസന്ധികളിൽ ഇടപെടുന്നതിനുള്ള ഒരു കേന്ദ്രം' (ക്രൈസിസ് ഇൻറർവെൻഷൻ സെൻറർ) ആണു് സഞ്ജീവിനി. പ്രതിസന്ധികൾ ആരുടെ ജീവിതത്തിലാണ് ഇല്ലാത്തതു്? പ്രതിസന്ധികളിൽ അകപ്പെട്ട് എന്തുചെയ്യണമെന്ന് അറിയാതെ നട്ടംതിരിയുന്ന മനുഷ്യൻെറ ഏററവും വലിയ ആവശ്യം, തൻെറ ആവലാതികൾ ക്ഷമയോടെ കേൾക്കാൻ സന്നദ്ധതയുള്ള മറെറാരു മനുഷ്യനാണ്. പങ്കിടപ്പെടുമ്പോൾ ആഹ്ലാദം വർദ്ധിക്കുകയാണു ചെയ്യുക. നേരെ മറിച്ചാണു ദുഃഖത്തിൻെറ സ്ഥിതി. മറെറാരാളുമായി പങ്കിട്ടാൽ ദുഃഖം പാതിയെങ്കിലുമായി കുറയും.

പക്ഷേ, നമ്മുടെ സങ്കടങ്ങൾ കേൾക്കാൻ സന്നദ്ധത എത്ര ആളുകൾക്കുണ്ടു്? കേൾക്കാനല്ല, പറയാനാണ് എല്ലാവർക്കും വെമ്പൽ. പരാതികളുടെ കനത്ത കെട്ടുകളും പേറിയാണ് ജീവിതത്തിലൂടെ നാം ഓരോരുത്തരും മുന്നോട്ടു പോകുന്നതു്. അൽപ്പസമയത്തേക്കെങ്കിലും ഈ ചുമടുകൾ ഒരു അത്താണിയിൽ ഇറക്കിവെച്ചു് ആശ്വാസംകൊള്ളുന്നതിനു് ആഗ്രഹിക്കാത്തവർ ഇല്ല. അതിനിടയ്ക്കു മററുള്ളവരുടെ പരാതിക്കെട്ടുകൾ ഏറെറടുക്കാൻ സന്നദ്ധതയുള്ളവർ, സ്വാഭാവികമായിത്തന്നെ, കുറവായിരിക്കും—പ്രത്യേകിച്ചും മഹാനഗരങ്ങളിൽ. അവിടെ തൊട്ടടുത്ത മുറിയിൽ പാർക്കുന്ന കുടുംബത്തെപ്പററി ശ്രദ്ധിക്കാൻ ആർക്കുണ്ടു് നേരം?

പലതരം സഹായങ്ങൾ ദിവസേന നമുക്കെല്ലാം വേണം. തൊഴിലില്ലാത്തവർക്കു തൊഴിൽ വേണം. സാമ്പത്തിക ഞെരുക്കങ്ങളുണ്ടാവുമ്പോൾ പണം തന്നു സഹായിക്കാൻ ആരു വേണം. ഇത്തരം സഹായങ്ങൾ നൽകാൻ കഴിവുള്ളവർ കുറവാണ്. പക്ഷേ, ഭൗതികങ്ങളായ ഈ സഹായങ്ങളേക്കാൾ എത്രയോ പ്രാധാന്യമുള്ള, മാനസികങ്ങളെന്നോ ആദ്ധ്യാത്മികങ്ങളെന്നോ പറയാവുന്ന, ഒട്ടനവധി സഹായങ്ങൾ വേറെയുണ്ടു്. സഹജീവികൾ തങ്ങളെ അംഗീകരിക്കണമെന്നു് എല്ലാ മനുഷ്യരും ആഗ്രഹിക്കുന്നു. അംഗീകരിക്കണമെങ്കിൽ മനസ്സിലാക്കിയിട്ടു വേണമല്ലോ. അംഗീകരിക്കുന്നതു പ്രോത്സാഹനം നൽകുന്നതിനാണ്. ധാരണ (മനസ്സിലാക്കൽ), അംഗീകാരം, പ്രോത്സാഹനം എന്നിവ വലിയവരും ചെറിയവരുമായ എല്ലാ വ്യക്തികളുടേയും ആദ്ധ്യാത്മികാവശ്യങ്ങളാകുന്നു. മുമ്പൊക്കെ വലിയ കൂട്ടുകുടുംബങ്ങൾ, ജോലിത്തിരക്കില്ലാത്ത പഴയ അയൽപക്കക്കാർ, സേവനം വ്രതമാക്കിയ മതസംഘടന